LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾഫൈനൽ ക്ലാസ്സിലെ സ്റ്റാൻഡാർഡ്

*ക ൦൨. (൫൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലെയും കൊച്ചിയിലേയും സ്കൂൾഫൈനൽ ക്ലാസ്സിലെ സ്റ്റാൻഡാർഡ് ഒന്നു തന്നെയാണോ അതൊ വ്യത്യാസമുണ്ടൊ;

(ബി) ടി രണ്ടു സ്ഥലങ്ങളിലേക്കും സ്കൂൾഫൈനൽ ക്ലാസ്സിലെ സിലബസ്സ് ഒന്നാണൊ? അതൊ വ്യത്യാസമുണ്ടൊ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) അതെ ഒന്നുതന്നെ.

(ബി) ഇപ്പോഴുണ്ടായിൽ ഒന്നല്ല. മുൻപിലത്തെ ഹൈസ്കൂൾ സിലബസനുസരിച്ച് സ്കൂൾഫൈനൽ ക്ലാസ്സിൽ പഠനം തുടർന്നുപോകേണ്ടതുകൊണ്ട് അല്പം വ്യത്യാസമുണ്ട്.

പാഠപുസ്തകങ്ങൾ

*ക ൦൩. (൫൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ക൯൫ ൦–൫ ക–ലെയ്ക്കുള്ള പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുത്തതു് ആരാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുത്തതു് അതിലേയ്ക്കു ഗവണ്മെൻറു നിയമിച്ചിട്ടുള്ള സ്പെഷ്യൽ കമ്മിറ്റിയാണു്. തെരഞ്ഞെടുപ്പു തീരുമാനം ചെയ്തതു് മന്ത്രിസഭയാണു്.

ടെക്സ്റ്റ്ബുക്ക് കമ്മിറ്റി

*ക ൦൪. (൫൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇക്കൊല്ലം തിരു: കൊച്ചിയിൽ ടെക്സ്റ്റ്ബുക്കുകമ്മിറ്റി എന്നൊരു കമ്മിറ്റി ഉണ്ടായിരുന്നോ;

(ബി) ആ കമ്മിറ്റിയെ ആരുനിയമിച്ചു;

(സി) ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടായിരുന്നു.

(ബി) ഗവണ്മെൻറ്.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

Recommendation Committee (Malayalam)

1. Hon'ble Minister for Education (Chairman)
2. Professor Joseph Mundasserry, St. Thomas College, Trichur
3. Sri. C. Narayana Pillai, M. L. A., Trivandrum